ഉത്തരം

(എ) അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ബി) ഇപ്രകാരം ഒരു ഉത്തരവ് ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രസ് രജിസ്ട്രാറുടെ അനുമതിയോടെയാണ് ഏതു പത്രവും പ്രസിദ്ധീകരണം ആരംഭിക്കുന്നത്. അതിനാൽ പ്രസ് രജിസ്ട്രാറുടെ അനുമതി പ്രസ് അക്രഡിറ്റേഷനുമായി പ്രത്യേകം ബന്ധപ്പെടുത്തേണ്ട ആവശ്യമില്ല. പ്രസ് ഫസിലിറ്റീസോ പ്രസ് അക്രഡിറ്റേഷനോ ഉള്ള പത്രലേഖകർക്ക് മാത്രമേ പ്രസ് റൂമിൽ പ്രവേശനം ഉള്ളൂ.

(ഇ) പ്രസ് റൂമിന്റെ നടത്തിപ്പിന് മാത്രമായി ചെലവായ സംഖ്യ പ്രത്യേകം തിട്ടപ്പെടുത്താനാവില്ല.

കേരളത്തിലെ പത്രങ്ങളുടെ പ്രചാരം

29 [2046] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഏതൊക്കെ ദിനപത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുവെന്നും അവയുടെ പ്രചാരം എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) പത്രങ്ങളുടെ പ്രചാരം സംബന്ധിച്ച് രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സ് അംഗീകരിക്കുന്ന വിവരങ്ങൾ കാലാകാലങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കാൻ സംവിധാനമുണ്ടോ;

(സി) പ്രസ് രജിസ്ട്രാറുടെ പ്രചാരക്കണക്കുകൾക്കുപുറമേ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ സർക്കുലേഷൻ തിട്ടപ്പെടുത്താൻ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ നിലവിലുണ്ടോ;

(ഡി) കേന്ദ്ര ഗവൺമെന്റ് പത്ര പ്രചാരക്കണക്ക് പരിശോധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരെ അയച്ച് കണക്കുകൾ ആവശ്യപ്പെട്ട് പീഡിപ്പിക്കരുതെന്ന് ചെറുകിട പത്ര ഉടമ സംഘത്തിന്റെ നിവേദനത്തിൻമേൽ എന്തെങ്കിലും തീരുമാനമായോ;

(ഇ) പരാതികൾക്കിടനൽകുന്ന തരത്തിലുള്ള മേൽപ്പറഞ്ഞതരം പരിശോധനകൾ നിർത്തലാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് പരസ്യങ്ങൾ ലഭിക്കുവാൻ അർഹത നേടിയിട്ടുള്ള 38 പത്രങ്ങളുടെ പ്രചാരം മാത്രമേ തിട്ടപ്പെടുത്തിയിട്ടുള്ളൂ. അവയുടെ പേര്, പ്രചാരം എന്നിവ സംബന്ധിച്ച് വിശദമായ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) ഉണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ് രജിസ്ട്രാറുടെ റിപ്പോർട്ടുകളിൽ വൻകിട പത്രങ്ങളുടെ പ്രചാര കണക്കുകൾ മാത്രമേ ലഭിക്കുകയുള്ളു. കേരളത്തിനുള്ളിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ചെറുകിട പത്രങ്ങളുടെ പ്രചാരം പ്രസ് രജിസ്ട്രാറുടെ റിപ്പോർട്ടുകളിൽ വരാറില്ലാത്തതുകൊണ്ട് കാലാകാലങ്ങളിൽ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നേരിട്ട് പത്ര സ്ഥാപനങ്ങളിൽ ചെന്ന് പരിശോധന നടത്തി പ്രചാരം തിട്ടപ്പെടുത്തുകയാണ് ചെയ്തുവരുന്നത്.

(ഡി) അങ്ങനെയൊരു നിവേദനം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

(ഇ) മേൽപ്പറഞ്ഞ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

പ്രഭാത സായാഹ്ന ദിനപത്രങ്ങൾ

30 [2047] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പ്രഭാത ദിനപത്രങ്ങളും എത്ര സായാഹ്ന പത്രങ്ങളും ഉണ്ട്;

(ബി) ഇതിൽ എത്ര പത്രങ്ങൾ ബച്ചാവത്ത് കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയിട്ടുണ്ട്;

(സി) ബച്ചാവത്ത് റിപ്പോർട്ട് നടപ്പാക്കാത്ത പത്ര സ്ഥാപനങ്ങൾ ഏതൊക്കെ;

(ഡി) സുപ്രീം കോടതി നിർദ്ദേശം മാനിക്കാതെ ബച്ചാവത്ത് കമ്മീഷൻ റിപ്പോർട്ട് നിരാകരിച്ച പത്ര മാനേജുമെൻറുകളുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) കൂടുതൽ പ്രസിദ്ധീകരണങ്ങളുള്ള പത്ര സ്ഥാപനങ്ങളെ വെവ്വേറെയാക്കി മാറ്റി, പത്രപ്രവർത്തകർക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ദുർബലമാക്കുന്ന പ്രവണതയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(എഫ്) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ചെറുകിട പത്രങ്ങളെ സഹായിക്കാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

(എ) 20 പ്രഭാത ദിനപത്രങ്ങളും 53 സായാഹ്ന പത്രങ്ങളും.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) കുറഞ്ഞത് 3000 കോപ്പികളെങ്കിലും പ്രചാരമുള്ള ചെറുകിട പത്രങ്ങൾക്ക് ഗവൺമെൻറ് പരസ്യങ്ങൾ, അക്രഡിറ്റേഷൻ സൗകര്യം എന്നിവ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 29 (2046) കാണുക]

പത്രത്തിന്റെ പേര്	പ്രചാരം
കാലിക്കറ്റ് ടൈംസ്, കോഴിക്കോട്	5,000
ചന്ദ്രിക, കോഴിക്കോട്	35,000
ചിത്രദേശം, തിരുവനന്തപുരം	8,500
ദീപിക, കോട്ടയം	53,632
ദേശാഭിമാനി, കോഴിക്കോട്	126,171
എക്സ്പ്രസ്സ്, തൃശ്ശൂർ	59,115
ജനറൽ, തൃശ്ശൂർ	3,500
ജനപ്രീതി, കൊല്ലം	5,200
ജനയുഗം, കൊല്ലം	25,000
ജനയുഗം, കോഴിക്കോട്	10,000
ജൻമദേശം, കാഞ്ഞങ്ങാട്	3,100
ജൻമഭൂമി, കൊച്ചി	16,000
കേരള കൗമുദി, തിരുവനന്തപുരം	145,195
കൈരളി പ്രഭാതം, തിരുവനന്തപുരം	3,100
കേരള മലർ, കൊല്ലം	3,000
കേരള നാദം, കൊച്ചി	4 000
കേരള രാജ്യം, കൊല്ലം	5 500
കേരള സമാചാർ, തിരുവനന്തപുരം	5,200
കേരള ടൈംസ്. കൊച്ചി	18,000
ലോറസ്റ്റർ, കാഞ്ഞങ്ങാട്	5,100
മാധ്യമം, കോഴിക്കോട്	28 000
മലയാള മനോരമ, കോട്ടയം	612,242
മംഗളം, കോട്ടയം	45,808
മാതൃഭൂമി, കോഴിക്കോട്	431,418
പ്രദീപം, കോഴിക്കോട്	5,500
സദ്വാർത്ത, കൊച്ചി	3,500
സായാഹ്ന ശബ്ദം, കൊല്ലം	5,000
സിറാജ്, കോഴിക്കോട്	6,000
സ്തേൻസ്റ്റാർ, തിരുവനന്തപുരം	10,380
സ്വതന്ത്ര മണ്ഡപം, തൃശ്ശൂർ	3,700
സ്ഫോടനം, കണ്ണൂർ	3,500
സുദിനം, കണ്ണൂർ	3,300
ടെലഗ്രാഫ്, തൃശ്ശൂർ	3,500
തീപ്പന്തം, ആലപ്പുഴ	5,100
ഉത്തരദേശം, കാസർകോഡ്	5,400
വീക്ഷണം, കൊച്ചി	17,000
വേണാട് പത്രിക, തിരുവനന്തപുരം	3,421
ഈനാട്, തിരുവനന്തപുരം	14,000

LIBRARY ARCHIVES Kerala Legislative Assembly